سُورَةُ الفَاتِحَة

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ ﴿١﴾
الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ ﴿٢﴾ الرَّحْمَٰنِ الرَّحِيمِ ﴿٣﴾ مَالِكِ يَوْمِ الدِّينِ ﴿٤﴾ إِيَّاكَ نَعْبُدُ وَإِيَّاكَ
نَسْتَعِينُ ﴿٥﴾ اهْدِنَا الصِّرَاطَ الْمُسْتَقِيمَ ﴿٦﴾ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ
وَلَا الضَّالِّينَ ﴿٧﴾

**അധ്യായം 1**

# അൽ ഫാതിഹ

അവതരണം മക്കയിൽ. ഖണ്ഡിക: 1 സൂക്തം: 7

1 [1]പരമ ദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

2—4 [2]സർവലോകത്തിന്റെയും റബ്ബായ[3] അല്ലാഹുവിനു മാത്രമാകുന്നു സ്തോത്രം. പരമ
ദയാപരനും കരുണാവാരിധിയുമാണവൻ.[4] പ്രതിഫലദിവസത്തിനധിപനാണവൻ.[5]

5 നിനക്കുമാത്രം ഞങ്ങൾ ഇബാദത്തുചെയ്യുന്നു.[6] നിന്നോടുമാത്രം ഞങ്ങൾ സഹായം
തേടുന്നു.[7]

6—7 നീ ഞങ്ങളെ നേർവഴിയിൽ നയിക്കേണമേ![8] നീ അനുഗ്രഹിച്ചവരുടെ മാർഗ
ത്തിൽ;[9] കോപത്തിനിരയായവരുടെയും വഴിപിഴച്ചവരുടെയും മാർഗത്തിലല്ല.[10] ●

1. ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്ന സംസ്കാരമര്യാദകളിലൊന്ന്, സകലവിധ പ്രവർത്തനങ്ങളും അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കുക എന്നതാകുന്നു. ഈ വ്യവസ്ഥ ബോധപൂർവം നിഷ്കളങ്കമായി പാലിക്കുന്ന പക്ഷം, മൂന്ന് സദ്ഫലങ്ങൾ അനിവാര്യമായി ലഭിക്കുന്നതാണ്. (1) ഒട്ടേറെ ദുഷ്കൃത്യങ്ങളിൽനിന്നു മനുഷ്യർ രക്ഷപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ഓരോ പ്രവൃത്തി ചെയ്യാൻ പോകുമ്പോഴും അത് അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കാൻ കൊള്ളുന്നതാണോ എന്നു ചിന്തിക്കാൻ ആ പതിവ് അവനെ നിർബന്ധിക്കുന്നതാണ് (2) അനുവദനീയവും ശരിയായുള്ളതും നല്ലതുമായ കാര്യങ്ങൾ അല്ലാഹുവിൻെറ നാമത്തിൽ ആരംഭിക്കുന്നതു മൂലം മനുഷ്യൻെറ മനഃസ്ഥിതി ശരിയായ ഭാഗത്തേക്കുതന്നെ തിരിയുന്നതും അവൻെറ ചലനം എപ്പോഴും ശരിയായ ബിന്ദുവിൽ നിന്നാരംഭിക്കുന്നതുമാണ്. (3) മനുഷ്യൻ അല്ലാഹുവിന്റെ നാമത്തിൽ തൻെറ കർമം ആരംഭിക്കുന്നതോടെ അല്ലാഹുവിൻെറ സഹായവും പിന്തുണയും അ

വനെ ആശ്ലേഷിക്കുന്നു എന്നതാണ് ഏറ്റവും വലിയ ഫലം. അവൻെറ പരിശ്രമങ്ങളിൽ അല്ലാഹു 'ബർക്കത്തും' അനുഗ്രഹവും നൽകുകയും പിശാചിൻെറ നശീകരണവേലകളിൽനിന്ന് അവനെ രക്ഷപ്പെടുത്തുകയും ചെയ്യും. തന്നിലേക്ക് ശ്രദ്ധ തിരിക്കുന്ന അടിമയെ താനും ശ്രദ്ധിക്കുക എന്നതാണ് അല്ലാഹുവിൻെറ സമ്പ്രദായം.

2. സൂറത്തുൽ ഫാത്തിഹ യഥാർഥത്തിൽ ഒരു പ്രാർഥനയാണെന്ന് മുഖവുരയിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ ആരോടാണോ പ്രാർഥിക്കാൻ ഉദ്ദേശിക്കുന്നത് ആ അസ്തിത്വത്തെ വാഴ്ത്തിക്കൊണ്ടാണ് പ്രാർഥന ആരംഭിക്കുന്നത്. പ്രാർഥന മാന്യമായ രീതിയിൽ ആയിരിക്കണമെന്ന് ഇത് പഠിപ്പിക്കുന്നു. വാ തുറന്നതോടെ ആവശ്യമങ്ങുന്നയിക്കുക എന്നത് പ്രാർഥനയുടെ മര്യാദക്ക് യോജിച്ചതല്ല. ആദ്യമായി പ്രാർഥിക്കപ്പെടുന്നവൻെറ നന്മകളും മേന്മകളും സ്ഥാനപദവികളും സമ്മതിച്ചു പറയുക; എന്നിട്ട് ആവശ്യങ്ങൾ സമർപ്പിക്കുക-ഇതാണ് മര്യാദ.

നാം വല്ലവരെയും സ്തുതിക്കുന്നുവെങ്കിൽ അതിന്ന് രണ്ട് കാരണങ്ങളുണ്ടായിരിക്കും: ഒന്ന്, സ്തുതിക്കപ്പെടുന്നവൻ സ്വതേ ഉത്തമ ഗുണങ്ങളും ഉൽകൃഷ്ട പദവികളും ഉള്ളവനായിരിക്കുക; ആ ഗുണങ്ങൾ നമ്മിൽ പ്രതിഫലിക്കട്ടെ, അല്ലാതിരിക്കട്ടെ. രണ്ട്, അവൻ നമുക്ക് നന്മ ചെയ്തവനാകകൊണ്ട് കൃതജ്ഞതാവികാരത്തോടെ അവൻെറ നന്മകളെ പ്രകീർത്തിക്കുക. അല്ലാഹുവിന്നുള്ള സ്തുതികീർത്തനങ്ങൾ ഈ രണ്ടു നിലക്കുള്ളതുമാണ്. അവൻെറ ഉൽകൃഷ്ട ഗുണങ്ങളെക്കുറിച്ചുള്ള ബോധവും അവൻെറ അനുഗ്രഹങ്ങളെക്കുറിച്ച സ്മരണയും, അവനെ അനുനിമിഷം സ്തോത്രം ചെയ്തുകൊണ്ടിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

'സ്തോത്രം അല്ലാഹുവിന്നാണെ'ന്നതല്ല, 'സ്തോത്രം അല്ലാഹുവിന്ന് മാത്രമാണ്' എന്നതത്രെ ശരിയായ വസ്തുത. ഇങ്ങനെ പറഞ്ഞുകൊണ്ട് ഒരു വലിയ യാഥാർഥ്യം അനാവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. അതിൻെറ ആദ്യത്തെ പ്രഹരം ഏൽക്കുമ്പോൾ തന്നെ സൃഷ്ടിപൂജയുടെ അടിവേരറ്റുപോകുന്നു. ലോകത്തെവിടെയെങ്കിലും ഏതെങ്കിലും വസ്തുവിൽ വല്ല വിധത്തിലുള്ള ഗുണമോ നന്മയോ യോഗ്യതയോ ഉണ്ടെങ്കിൽ അതിൻെറയെല്ലാം ഉറവിടം അല്ലാഹു മാത്രമാണ്. മനുഷ്യൻ, മലക്ക്, നക്ഷത്രം എന്നുവേണ്ട ഒരു സൃഷ്ടിയുടെയും കഴിവുകൾ സ്വതഃസിദ്ധമല്ല, ദൈവദത്തമാണ്. അതിനാൽ നമ്മുടെ ഭക്തിബഹുമാനാദരങ്ങളും സ്തുതികീർത്തനങ്ങളും ആരാധനകളും അർഥനകളും അർഹിക്കുന്നത് മഹത്വമേന്മകളുടെ പ്രകടനസ്ഥാനങ്ങളല്ല, അവയുടെ സൃഷ്ടികർത്താവാണ്.

3. മൂലത്തിലെ 'റബ്ബ്' എന്ന പദം അറബിഭാഷയിൽ മൂന്നർഥങ്ങളിലുപയോഗിക്കാറുണ്ട്: (1) ഉടമസ്ഥൻ, യജമാനൻ. (2) രക്ഷകർത്താവ്, പരിപാലകൻ, കാര്യങ്ങളന്വേഷിച്ചു മേൽനോട്ടം ചെയ്യുന്നവൻ. (3) ഭരണാധിപൻ, വിധികർത്താവ്, നിയന്താവ്. ഈ എല്ലാ അർഥങ്ങളിലും അല്ലാഹു പ്രപഞ്ചത്തിൻെറ റബ്ബാകുന്നു.

4. ഒരു വസ്തുവിൻെറ ഒരു ഗുണവിശേഷം തൻെറ ദൃഷ്ടിയിൽ വളരെ കൂടുതലാകുമ്പോൾ അതിനെ അത്യുക്തിയുപയോഗിച്ച് വിവരിക്കുക മനുഷ്യന്റെ ഒരു സവിശേഷതയാണ്. ഒരു വിശേഷണ പദംകൊണ്ട് അതിൻെറ ആധിക്യം വേണ്ടത്ര പ്രകടമാക്കാൻ കഴിഞ്ഞില്ലെന്നു തോന്നുന്ന പക്ഷം, ഏതാണ്ട് അതേ അർഥത്തിലുള്ള മറ്റൊരു പദം കൂടി ഉപയോഗിച്ച് തൻെറ വർണനയുടെ കുറവ് നികത്താൻ ശ്രമിക്കുന്നു. അല്ലാഹുവെ സ്തുതിക്കുന്നതിൽ 'റഹ്മാൻ' എന്ന പദം ഉപയോഗിച്ച ശേഷം 'റഹീ'മിനെ കൂട്ടിച്ചേർത്തതിൽ ഇതേ തത്വമാണ് അടങ്ങിയിരിക്കുന്നത്. അറബി ഭാഷയിൽ 'റഹ്മാൻ' ഒരു അത്യുക്തിയാണ്. എന്നാൽ അല്ലാഹു തൻെറ സൃഷ്ടികളുടെ മേൽ വർഷിക്കുന്ന കാരുണ്യാനുഗ്രഹങ്ങൾ നിസ്സീമങ്ങളത്രെ. ഒരു വിധത്തിലും അളന്നു തിട്ടപ്പെടുത്താൻ സാധ്യമല്ലാത്തവിധം അവ അത്രയേറെ അഗാധവും വിശാലവുമാണ്. ഏറ്റവും വലിയ അത്യുക്തിയുപയോഗിച്ച് അവയെ വിവരിച്ചാലും മനുഷ്യന് മതിവരികയില്ല. അതുകൊണ്ടാണ് ദൈവ

കാരുണ്യത്തിൻെറ ആധിക്യം പ്രകടിപ്പിക്കുവാനായി 'റഹീം' എന്ന പദം കൂട്ടിച്ചേർത്തത്. ഒരു വ്യക്തിയുടെ ഔദാര്യം വിവരിക്കുമ്പോൾ 'ധർമിഷ്ഠൻ' എന്ന വാക്ക് മതിയായില്ലെന്നു തോന്നി 'ഉദാരമതി' എന്നു കൂട്ടിച്ചേർക്കുന്നതിനോട് ഏതാണ്ടിതിനെ ഉപമിക്കാവുന്നതാണ്.

5. അതായത്, കഴിഞ്ഞുപോയവരും വരാനിരിക്കുന്നവരുമായ മനുഷ്യതലമുറകളെ മുഴുവൻ ഒരുമിച്ചുകൂട്ടി അവരുടെ ഐഹിക ജീവിതപ്രവർത്തനങ്ങളെക്കുറിച്ചു വിചാരണ നടത്തപ്പെടുകയും ഓരോ വ്യക്തിക്കും തൻെറ കർമത്തിനൊത്ത് പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്ന ദിവസത്തിൻെറ ഉടമസ്ഥൻ. അല്ലാഹുവെ സ്തോത്രം ചെയ്തുകൊണ്ട് പരമദയാലുവെന്നും കരുണാവാരിധിയെന്നും വിശേഷിപ്പിച്ചശേഷം 'പ്രതിഫല ദിവസത്തിനധിപൻ' എന്നു പറഞ്ഞതിൽനിന്ന് ഒരു വസ്തുത വ്യക്തമാകുന്നുണ്ട്: അല്ലാഹു കരുണ ചെയ്യുന്നവൻ മാത്രമല്ല ന്യായാധിപൻകൂടിയാണ്; സർവാധികാരിയായ ന്യായാധിപൻ! അവസാന വിധിയുടെ ദിവസം സകലവിധ അധികാരങ്ങളുടെയും ഏക അധിപൻ അവൻ മാത്രമായിരിക്കും. അവൻെറ പ്രതിഫലത്തെയോ ശിക്ഷയെയോ തടസ്സപ്പെടുത്തുവാൻ ആർക്കും സാധ്യമല്ല. അതിനാൽ അവൻെറ പരിപാലനത്തിന്റെയും കാരുണ്യത്തിൻെറയും അടിസ്ഥാനത്തിൽ നാം അവനെ സ്നേഹിക്കുക മാത്രമല്ല, അവൻ ന്യായാധിപനും നീതിപാലകനും ആണെന്ന കാരണത്താൽ അവനെ ഭയപ്പെടുകയും ചെയ്യുന്നു. നമ്മുടെ ഗുണകരമോ ദോഷകരമോ ആയ പര്യവസാനം തികച്ചും അവൻെറ അധീനത്തിലാണെന്ന ബോധവും നമുക്കുണ്ടാകുന്നു.

6. 'ഇബാദത്ത്' എന്ന പദം അറബിഭാഷയിൽ മൂന്നർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്: (1) പൂജ, ആരാധന. (2) അനുസരണം, ആജ്ഞാനുവർത്തനം. (3) അടിമത്തം, ദാസ്യവൃത്തി. ഇവിടെ ഈ മൂന്നർഥങ്ങളും ഒന്നിച്ചുദ്ദേശിക്കപ്പെടുന്നുണ്ട്. അതായത്, ഞങ്ങൾ നിന്നെ ആരാധിക്കുന്നവരും നിൻെറ ആജ്ഞാനുവർത്തികളും നിനക്കടിമപ്പെടുന്നവരുമാണ്. ഈ നിലകളിലെല്ലാം നിന്നോട് ഞങ്ങൾ ബന്ധപ്പെടുന്നുവെന്നതല്ല, നിന്നോട് മാത്രമേ ബന്ധപ്പെടുന്നുള്ളൂ എന്നതാണ് യാഥാർഥ്യം. പ്രസ്തുത മൂന്നർഥങ്ങളിൽ യാതൊരർഥത്തിലും ഞങ്ങൾക്ക് മറ്റൊരു 'മഅ്ബൂദ്' (ഇബാദത്ത് ചെയ്യപ്പെടുന്നവൻ) ഇല്ല തന്നെ.

7. അതായത്, നിനക്ക് ഇബാദത്ത് ചെയ്യുന്ന ഞങ്ങൾ സഹായാർഥനയുടെ ബന്ധവും നിന്നോട് മാത്രമാണ് സ്ഥാപിക്കുന്നത്. അഖില പ്രപഞ്ചത്തിൻെറ രക്ഷകൻ നീ മാത്രമാണെന്നു ഞങ്ങൾക്കറിയാം. സമസ്ത ശക്തികളും നിന്റെ അീനത്തിൽ മാത്രം സ്ഥിതിചെയ്യുന്നു. എല്ലാ അനുഗ്രഹങ്ങൾക്കും ഏക ഉടമസ്ഥനായുള്ളവൻ നീയാണ്. അതിനാൽ ഞങ്ങളുടെ ആവശ്യങ്ങൾ ചോദിച്ചുകൊണ്ട് നിൻെറ സന്നിധിയിലേക്ക് തന്നെ ഞങ്ങൾ മടങ്ങുന്നു; തിരുമുമ്പിലേക്ക് ഞങ്ങൾ കൈ നീട്ടുന്നു; നിൻെറ സഹായത്തിലേ ഞങ്ങൾക്ക് വിശ്വാസമുള്ളൂ. അതുകൊണ്ട് ഞങ്ങളിതാ ഈ അപേക്ഷയുമായി നിൻെറ സന്നിധാനത്തിൽ ഹാജരായിരിക്കയാണ്.

8. അതായത്, ജീവിതത്തിൻെറ നാനാതുറകളിൽ ആദർശ-കർമചര്യകളുടെ ശരിയായ മാർഗം ഞങ്ങൾക്ക് കാണിച്ചു തരേണമേ! അബദ്ധ വീക്ഷണത്തിന്റെയും അപഥ സഞ്ചാരത്തിൻെറയും ദുരന്ത ഫലങ്ങളുടെയും അപകടത്തിൽനിന്ന് സുരക്ഷിതമായ മാർഗം; വിജയ സൗഭാഗ്യങ്ങൾ കരസ്ഥമാക്കാനുതകുന്ന മാർഗം. ആ സന്മാർഗം ഞങ്ങൾക്കു കാണിച്ചു തരേണമേ! വിശുദ്ധ ഖുർആൻ പാരായണമാരംഭിച്ചുകൊണ്ട് മനുഷ്യൻ ദൈവത്തിൻെറ മുമ്പിൽ സമർപ്പിക്കുന്ന അപേക്ഷയത്രെ ഇത്. അവൻ പ്രാർഥിക്കുന്നു: നാഥാ! ഞങ്ങൾക്ക് മാർഗദർശനം നൽകിയാലും! ഊഹാധിഷ്ഠിതമായ തത്വശാസ്ത്രങ്ങളുടെ ഊരാക്കുടുക്കുകൾക്കിടയിൽ യാഥാർഥ്യമെന്തെന്ന് ഞങ്ങൾക്ക് കാണിച്ചുതന്നാലും! ഭിന്നവിരുദ്ധങ്ങളായ ധാർമിക സിദ്ധാന്തങ്ങൾക്ക് മധ്യെ ശരിയായ ധാർമിക വ്യവസ്ഥ ഏതെന്ന് ഞങ്ങൾക്ക് നിർദേശിച്ചുതന്നാലും! ജീവിതത്തിൻെറ ഇടവഴികൾക്കിടയിൽ ചിന്താകർമങ്ങളുടെ ഋജുവും വ്യക്തവുമായ രാജപാത ഏതെന്ന് ഞങ്ങൾക്ക് ചൂണ്ടിക്കാണിച്ചു തന്നാലും!

9. അല്ലാഹുവിനോട് നാം ചോദിക്കുന്ന നേർമാർഗത്തിന്റെ നിർവചനമാണിത്. അതായത്, അല്ലാഹുവിന്റെ ഇഷ്ട ദാസന്മാർ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മാർഗം; പുരാതന കാലം മുതൽ ഇന്നോളം അവന്റെ കാരുണ്യാനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായ വ്യക്തികളും സമൂഹങ്ങളും ചരിച്ചുവന്ന മാർഗം.

10. 'അനുഗൃഹീതർ' എന്നതുകൊണ്ട് ഞങ്ങളുടെ വിവക്ഷ; പ്രത്യക്ഷത്തിൽ നിന്റെ ഭൗതികാനുഗ്രഹങ്ങൾ താൽക്കാലികമായി ലഭിച്ചെങ്കിലും യഥാർഥത്തിൽ നിന്റെ കോപശാപത്തിന് വിധേയരാവുകയോ വിജയ സൗഭാഗ്യത്തിൽനിന്ന് വഴിതെറ്റിപ്പോവുകയോ ചെയ്തവരല്ല എന്നർഥം. നിഷേധാത്മകമായ ഈ വിശദീകരണത്തിൽനിന്ന് ഒരു സംഗതി വ്യക്തമാകുന്നുണ്ട്: അനുഗ്രഹമെന്നാൽ ക്ഷണികവും പ്രകടനാത്മകവുമായ അനുഗ്രഹങ്ങളല്ല- അത്തരം 'അനുഗ്രഹങ്ങൾ' ഫിർഔൻമാർക്കും നംറൂദുമാർക്കും ഖാറൂൻമാർക്കും കിട്ടിക്കൊണ്ടിരുന്നിട്ടുണ്ട്. വലിയ വലിയ അക്രമികൾക്കും അധർമകാരികൾക്കും ഇന്നും അവ കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ട് - നേരെ മറിച്ച് സന്മാർഗനിഷ്ഠയുടെയും ദൈവപ്രീതിയുടെയും ഫലമായി ലഭിക്കുന്ന സുസ്ഥിരവും ശാശ്വതവുമായ യഥാർഥ അനുഗ്രഹങ്ങളാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്.